**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4422** **01-07-2024 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഇതിനായി അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ഏരിയ(നിഡ), പുതുശ്ശേരി ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ഏരിയ എന്നിവിടങ്ങളിലെ ആഭ്യന്തര റോഡ്, ഡ്രെയിനേജ്, എസ്റ്റേറ്റ് ഓഫീസറുടെ കെട്ടിടം എന്നിവയുടെ നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. നിഡയിലെ ആഭ്യന്തര റോഡ്, ഡ്രെയിനേജ് എന്നിവയുടെ നവീകരണത്തിനായി 7 കോടി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി ആയിട്ടില്ല. എസ്റ്റേറ്റ് ഓഫീസറുടെ കെട്ടിടത്തിനായി 27 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പുതുശ്ശേരി വ്യവസായ വികസന ഏരിയയിലെ ആഭ്യന്തര റോഡ്, ഡ്രെയിനേജ് എന്നിവയുടെ നവീകരണത്തിനായി 6 കോടി 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ